## <u>ന്യൂസീലാണ്ട് പ്രധാനമന്ത്രിയുടെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം (ഒക്ടോബര് 24-27, 2016)</u>

ഒക്ടോബര് 20, 2016

.ന്യൂസീലാണ്ട് പ്രധാനമന്ത്രി റൈറ്റ് ഓണറബിള് ജോണ് കീ അടുത്തയാഴ്ച , ഒക്ടോബര് 24-27, 2016 തീയതികളില് ഔദ്യോഗിക ഇന്ത്യാ സന്ദർശനത്തിന് എത്തുന്നു. ഒരു വലിയ സംഘം ഉന്നതതല വ്യാപാര വിദ്യാഭ്യാസ പ്രതിനിധി സംഘത്തെ അദ്ദേഹം നയിക്കും . പ്രധാനമന്ത്രി ജോണ് കീക്കൊപ്പം അദ്ദേഹത്തിന്റെ പത്നി ശ്രീമതി ബ്രോണ കീയും ഉണ്ടായിരിക്കും

പ്രധാനമന്ത്രി കീ ഒക്ടോബര് 24 നു വൈകീട്ട് മുംബയിലെത്തും. മുംബയില് അദ്ദേഹം ബോംബെ സ്റ്റോക് എക്സ്ചേഞ്ച് ചേംബേഴ്സ് ഓഫ് കൊമേഴ്സുമായി ചേർന്ന് സംഘടിപ്പിക്കുന്ന ഒരു ചടങ്ങില് മുഖ്യപ്രഭാഷണം നടത്തും. മഹാരാഷ്ട്ര ഗവർണര് , മുഖ്യമന്ത്രി എന്നിവരുമായി ജോണ് കീ കൂടിക്കാഴ്ച നടത്തും. ന്യൂസീലാണ്ട് -ഇന്ത്യ വ്യാപാര പങ്കാളിത്തങ്ങളിലെ പുതുമകള് ആഘോഷിക്കുന്ന ചടങ്ങില് പ്രധാനമന്ത്രി കീ പങ്കെടുക്കും

പ്രധാനമന്ത്രി കീ ഡെൽഹിയില് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നേരില് കണ്ടു ചർച്ചകള് നടത്തും, വളരുന്ന ഉഭയകക്ഷി ബന്ധങ്ങള് ഔദ്യോഗിക പ്രതിനിധി തലത്തില് അതിനു ശേഷം ചർച്ചകള് ചെയ്യുകയും ചെയ്യും . ഒരു വ്യാപാര ഉച്ചകോടിയിലും പ്രധാനമന്ത്രി കീ പങ്കെടുക്കും

സന്ദർശനത്തിന്റെ അവസാനത്തില് പ്രധാനമന്ത്രി കീ ഡെൽഹിയോട് യാത്ര പറഞ്ഞു ഒക്ടോബര് 27 നു കൊച്ചിയിലേക്ക് തിരിക്കും , അവിടെ പ്രധാനമന്ത്രി കീയും അദ്ദേഹത്തിന്റെ പ്രതിനിധികളും പുതിയ കൊച്ചി അന്തരാഷ്ട്ര ടെർമിനലില് ഹ്രസ്വ സഞ്ചാരം നടത്തുകയും ന്യൂസീലാണ്ട് കമ്പനി ഗ്ലൈഡ്പാത്ത് ഏറ്റെടുത്തിരിക്കുന്ന ജോലിയും നിരീക്ഷിക്കും

പ്രധാനമന്ത്രി കീയുടെ കൂടെ ന്യൂസീലാണ്ട് പാർലമെന്റ് അംഗങ്ങള്. വിദേശകാര്യ, പ്രതിരോധ വ്യാപാര തിരഞ്ഞെടുപ്പുസമിതി അദ്ധ്യക്ഷന് മാർക് മിഷേല് , എംപി കൻവാൽജിത്ത് സിംഗ് ബക്ഷി എന്നിവര് അനുഗമിക്കും

പ്രധാനമന്ത്രി കീ അവസാനമായി ഇന്ത്യ സന്ദർശിച്ചത് 2011 ല് ആയിരുന്നു . ഈ വർഷം മെയ് മാസത്തില് ആദരണീയനായ രാഷ്ട്രപതി

ന്യൂസീലാണ്ട് സന്ദർശിച്ചിരുന്നു , ഇന്ത്യയുടെ രാഷ്ട്രപതി ന്യൂസിലാണ്ടിലേക്ക് നടത്തിയ ആദ്യ സന്ദർശനം ആയിരുന്നു അത്.

ന്യൂഡെൽഹി
ഒക്ടോബര് 20, 2016